"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

KSHB Building ശാന്തി നഗർ, തിരുവനന്തപുരം-1,

## ട്രെയിനിംഗ് ഡയറക്ടറുടെ നടപടിക്രമം
(നിലവിൽ: കെ.ബിജു ഐ.എ.എസ്)

വിഷയം: വ്യാവസായിക പരിശീലന വകുപ്പ് - ജീവനക്കാര്യം - ഐ.ടി.ഐ (വനിത) പാറശ്ശാല - ശ്രീ.പി.കെ.ജയചന്ദ്രൻ, പ്രിൻസിപ്പാൾ ക്ലാസ്സ്-II നെതിരായ പരാതി - സ്ഥലംമാറ്റി നിയമിച്ച് - ഉത്തരവാകുന്നു.

പരാമർശം : 1) 27.07.2015 തീയതിയിൽ പാറശ്ശാല (വ) ഐ.ടി.ഐ യിലെ ജീവനക്കാർ നൽകിയ പരാതി.
2) 10.08.2015 തീയതിയിൽ ഐ.ടി/08/2015 നമ്പരായി ശ്രീ.പി.രാജൻ, ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ് സമർപ്പിച്ച അന്വേഷണ റിപ്പോർട്ട്.
3) 31/07/15ലെ എ6/43001/14 നമ്പർ നടപടി ക്രമം.

-------------

## ഉത്തരവ് നമ്പർ വിസി/24501/15 തീയതി: 20.08.2015

പാറശ്ശാല (വ) ഐ.ടി.ഐ യിലെ പ്രിൻസിപ്പാൾ ക്ലാസ്സ്-II ആയ ശ്രീ.പി.കെ.ജയചന്ദ്രൻ, ടി സ്ഥാപനത്തിലെ സ്ത്രീ ജീവനക്കാർ ഉൾപ്പെടെയുള്ള ജീവനക്കാരോട് അപമര്യാദയായി പെരുമാറുന്നതായും പ്രിൻസിപ്പാൾ ക്യാബിനിലെ കമ്പ്യൂട്ടർ ദുരുപയോഗം ചെയ്യുന്നതായും പരാമർശം (1) പ്രകാരം പരാതി ലഭിക്കുകയുണ്ടായി.

ടി. വിഷയത്തിൽ ശ്രീ.പി.രാജൻ, ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ് അന്വേഷണം നടത്തുകയും പരാമർശം (2) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ശ്രീ.പി.കെ.ജയചന്ദ്രൻ, പ്രിൻസിപ്പാൾ ക്ലാസ്സ്- II -നെ അച്ചടക്കനടപടിയ്ക്ക് വിധേയമായി കാസർഗോഡ് പുല്ലൂർ ഐ.ടി.ഐ യിൽ പ്രിൻസിപ്പാൾ ക്ലാസ്സ്-II-ആയി സ്ഥലംമാറ്റി നിയമിച്ച് ഉത്തരവാകുന്നു.

പുല്ലൂർ ഐ.ടി.ഐ യിൽ പ്രിൻസിപ്പാൾ ക്ലാസ്സ്-II ആയി സേവനമനുഷ്ഠിക്കുന്ന ശ്രീ.ഡി.രാജനെ നെന്മേനി (വനിത) ഐ.ടി.ഐ യിലേയ്ക്കും പരാമർശം(3) പ്രകാരം ഉദ്യോഗക്കയറ്റം നൽകി നെന്മേനി (വ) ഐ.ടി.ഐ യിൽ പ്രിൻസിപ്പാൾ ക്ലാസ്സ്-II ആയി നിയമിച്ച ശ്രീ.സി.രവികുമാർ നെ പാറശ്ശാല (വനിത) ഐ.ടി.ഐ യിലേയ്ക്കും സ്ഥലംമാറ്റം നൽകി ഉത്തരവാകുന്നു.

ടി. ജീവനക്കാർ ഉടൻ അതാത് സ്ഥാപനങ്ങളിൽ ഹാജരായി ചുമതല ഏറ്റെടുക്കേണ്ടതും ആയതിന്റെ വിവരം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

ഒപ്പ്
ട്രെയിനിംഗ് ഡയറക്ടർ

മറുപുറം

സ്വീകർത്താവ്:

1. ശ്രീ.പി.കെ.ജയചന്ദ്രൻ
   പ്രിൻസിപ്പാൾ ക്ലാസ്സ്- II
   ഐ.ടി.ഐ, (വനിത) പാറശ്ശാല

2. ശ്രീ.ഡി.രാജൻ
   പ്രിൻസിപ്പാൾ ക്ലാസ്സ്- II
   ഐ.ടി.ഐ പുല്ലൂർ

3. ശ്രീ.സി.രവികുമാർ,
   പ്രിൻസിപ്പാൾ ക്ലാസ്സ്- II
   ഐ.ടി.ഐ (വ) നെന്മേനി,

പകർപ്പ്:- 1) Accountant General (A&E),
Kerala.
2) CA to DT, CA to ADT, CA to JDT
3) എ6 സെക്ഷൻ, എസ്.എസ് (എ)
4) വിസി (കരുതൽ ഫയൽ)
5) പ്രിൻസിപ്പാൾ, ഐ.ടി.ഐ
കൊല്ലം.

// ഉത്തരവിൻപ്രകാരം //

അഡീഷണൽ ഡയറക്ടർ

R/28 /8/15